# Desabhimani
# 27 August 2018
# Thiruvananthapuram, After Flood, Mobile Towers



## 98 ശതമാനം മൊബൈൽ ടവറും പ്രവർത്തനസജ്ജമായി

സ്വന്തം ലേഖകൻ

**തിരുവനന്തപുരം**

സംസ്ഥാനത്തെ പ്രളയബാധിത മേഖലകളിലെ 98 ശതമാനം മൊബൈൽ ടവറുകളും പ്രവർത്തനസജ്ജമായി. തിരുവനന്തപുരത്തു നടന്ന ടെലികോം ഉന്നതതല യോഗത്തിൽ പ്രളയാനന്തരമുള്ള ടെലികോം സേവനലഭ്യത അവലോകനം ചെയ്തു. ടെലികോം സെക്രട്ടറി അരുണാ സുന്ദരരാജന്റെ സാന്നിധ്യത്തിലായിരുന്നു യോഗം.

ബാക്കിയുള്ള രണ്ട് ശതമാനം മൊബൈൽ ടവറുകളുടെ പ്രവർത്തനം പ്രളയജലം ഇറങ്ങിയശേഷം (കുട്ടനാട് മേഖലയിൽ) പൂർവസ്ഥിതിയിലാക്കും. 190 ഇടങ്ങളിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഛേദിക്കപ്പെട്ടതിൽ 168 ഇടത്തും പുനഃസ്ഥാപിച്ചു. ബാക്കിയുള്ള 22 ഇടത്ത് ഉടൻ പുനഃസ്ഥാപിക്കും. സംസ്ഥാനത്ത് ആകെയുള്ള 85900 മൊബൈൽ ബിടിഎസുകളിൽ (Base Transceiver Station) 23552 എണ്ണത്തിന്റെ പ്രവർത്തനത്തെ പ്രളയം ബാധിച്ചിരുന്നു. 24ന് ഇതിൽ 22217 ബിടിഎസുകളുടെ പ്രവർത്തനം പുനഃസ്ഥാപിച്ചു. പ്രളയം പ്രവർത്തനത്തെ ബാധിച്ച 153 ടെലിഫോൺ എക്സ്ചേഞ്ചുകളിൽ 131 എണ്ണം പൂർവ്വസ്ഥിതിയിലാക്കി.

വൈദ്യുതി ഇനിയും പുനഃസ്ഥാപിക്കപ്പെട്ടിട്ടില്ലാത്തതിനാൽ പ്രളയബാധിത മേഖലകളിലെ നാനൂറിലധികം മൊബൈൽ ടവറുകൾ ഡീസൽ ജനറേറ്ററിലാണ് പ്രവർത്തിക്കുന്നത്. ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിലാണ് ഏറ്റവുമധികം നാശനഷ്ടം ഉണ്ടായത്. ഏകദേശം 350 കോടി രൂപയുടെ പ്രാഥമിക നഷ്ടമാണ് ടെലികോം സേവനദാതാക്കൾക്കും ടെലികോം അടിസ്ഥാനസൗകര്യദാതാക്കൾക്കും ഇതുമൂലം കണക്കാക്കുന്നത്.

ദുരിതാശ്വാസ ക്യാംപുകളിൽ കഴിയുന്നവർ തിരിച്ച് വീടുകളിൽ എത്തുംമുമ്പ് തന്നെ ടെലികോം സേവനങ്ങൾ പൂർവസ്ഥിതിയിലാക്കണമെന്ന് എല്ലാ ടെലികോം സേവനദാതാക്കളോടും ആവശ്യപ്പെട്ടിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ സഹായവും പിന്തുണയും മൂലമാണ് പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തീകരിക്കാൻ സാധിച്ചതെന്ന് യോഗം വിലയിരുത്തി.